## നാട്ടറിവുകളിലെ പൊരുൾ

# ചെമ്പകം പുരയ്ക്കു മേലെ വളർന്നാൽ ആ വീട്ടിൽ മരണം നടക്കും

ഡേവിസ് വളർക്കാവ്

മരണം സംഭവിക്കാത്ത വീട് ഇല്ലാത്തതും ചെമ്പകമില്ലാത്ത വീട്ടിലും മരണം സംഭവിക്കുന്നതും നമുക്കറിയാം. അതുകൊണ്ട് ഈ ചൊല്ല് തള്ളിക്കളയാവുന്നതാണ്. അതുപോലെ ചെമ്പകമരം പുരക്കുമേലെ ഉയർന്നു നില്ക്കും വിധം വളർത്തി വെല്ലുവിളിക്കുകയും ചെയ്യാവുന്നതാണ്. സംശയത്തിനും വ്യക്തിക്കും നിഷേധത്തിനും ഇടപെടാവുന്ന ഒട്ടേറെ കാര്യങ്ങൾ നാട്ടറിവുകളിൽ കാണാം.

അറിവിന്റെ അകത്തേക്ക് - പൊരുളിലേക്ക് കടക്കുന്നുവെങ്കിൽ സമവായത്തിലെത്താനും സാധ്യതകളുണ്ട്.

പൂവ് ആകർഷകമാണ്. ചെമ്പകം പൂക്കളാൽ സമൃദ്ധമാണ്. സുഗന്ധം കൂടിയാൽ പറയാനുമില്ല.

ഒരു പൂ പറിക്കാൻ മോഹിക്കുന്നവരാണ് പലരും. അങ്ങനെ വന്നാൽ വലിയ മരത്തിൽ കയറി പൂപൊട്ടിക്കാൻ പ്രയാസമാണ്. അപകടത്തിനും മരണത്തിനും സാധ്യതയുണ്ട്. സാഹസപ്പെട്ട് പൂ പറിക്കാനുള്ള ശ്രമങ്ങൾ അപകടത്തിൽ കലാശിക്കുന്നത് കണ്ട ഏതോ ക്രാന്തദർശികളായിരിക്കും ലളിതമായി പ്രശ്നം പരിഹരിക്കാൻ ഒരു നിർദ്ദേശം വെച്ചത്. 'ചെമ്പകം പുരയ്ക്കുമുകളിൽ വളരാൻ പാടില്ല' എന്ന്. അതു ലംഘിക്കാതിരുന്നത് അനുഭവത്തിൽനിന്നും ഭയത്തിൽനിന്നും ശാസനയിൽനിന്നുമായിരിക്കാം. പിന്നീട് ഇന്നത്തെപ്പോലെ പറഞ്ഞു പതിഞ്ഞു ചൊല്ലായി മാറി.

പെൺകുട്ടികളാണ് കൂടുതലും ഈ പൂ പറിക്കുന്നതും ചൂടുന്നതും. അവർക്ക് വലിയ മരത്തിൽ കയറാനുള്ള പ്രയാസവും ചെമ്പകത്തിന്റെ ചില്ലകൾക്ക് ബലം കുറവാണ് എന്നതും ഈ ഉൾക്കാഴ്ചകളെ സർവസമ്മതമാക്കുന്നു.

ചൂടുന്ന പൂക്കൾ മിക്കവാറും ചെടികളുടേതായിരിക്കും. മരത്തിൽനിന്നുള്ള ഈ പൂവിനെ കൈയിൽ കിട്ടുക എന്നതാണ് അതിന്റെ അവകാശികൾക്ക് വേണ്ടത്. വടികൊണ്ട് പൊട്ടിക്കാൻ ശ്രമിച്ചാൽ ഇതൾ കൊഴിയുന്നതിനാൽ മറ്റു വഴികൾ ഇല്ല. ഈ ചൊല്ലിനു പിന്നിലെ പെൺബുദ്ധി മുൻബുദ്ധിയാണ്. അതിനാൽ തന്നെ ഈ പഴമൊഴി സ്ത്രീകൾ ധിക്കരിക്കാറുമില്ല

# മരങ്ങൾക്കുവേണ്ടി മരത്തിനുമുകളിലൊരു സമരം

**പേര്** ജൂലിയ ഹിൽ. പ്രായം 25 വയസ്. 10 മാസങ്ങളോളമായി അവർ 180 അടിയോളം ഉയരമുള്ള ഒരു കൂറ്റൻ റെഡ്‌വുഡ് മരത്തിനു മുകളിൽ കൂടാരം കെട്ടി സമരത്തിലാണ്.

ഗിന്നസ് ബുക്കിൽ കയറിക്കൂടാനുള്ള ഏറ്റവും പുതിയ അടവാണെന്ന് സംശയം തോന്നിയേക്കാം. എങ്കിൽ തെറ്റി. മരക്കച്ചവടക്കാരിൽനിന്നും റെഡ്‌വുഡ് മരങ്ങളെ സംരക്ഷിക്കാനാണ് ജൂലിയയുടെ ഈ ഒറ്റയാൾ സമരം.

അങ്ങ് കാലിഫോർണിയയിലാണ് സംഭവം. ഇവിടത്തെ റെഡ്‌വുഡ് മരങ്ങൾ 'പസഫിക് ലംബർ' എന്നൊരു ഭീമൻ മരക്കമ്പനിയുടെ ഭീഷണിയിലാണ്. ഒരു കാലത്ത് കാലിഫോർണിയയുടെ തീരപ്രദേശങ്ങളിൽ നിറഞ്ഞു വളർന്നിരുന്ന റെഡ്‌വുഡ് കാടുകൾ കമ്പനിയുടെ പ്രവർത്തനത്തെ തുടർന്ന് ഇന്ന് വെറും നാലു ശതമാനമായി ചുരുങ്ങിയിരിക്കുന്നു.

വടക്കൻ കാലിഫോർണിയയിലെ ഹെഡ്‌വാട്ടേഴ്സ് വനങ്ങൾ കമ്പനിയുടെ പ്രധാനപ്പെട്ടൊരു പ്രവർത്തന മേഖലയാണ്. അധികാരികളുടെ പിൻതുണയോടെ നിയന്ത്രണങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് കമ്പനി ഇവിടത്തെ വനങ്ങൾ വെളുപ്പിച്ചുകൊണ്ടിരിക്കുകയാണ്.

രണ്ടായിരം വർഷത്തോളം പ്രായമുള്ള റെഡ്‌വുഡ് മരങ്ങൾ ഈ വനങ്ങളിൽ വളരുന്നുണ്ട്. പലതിനും ഇരുന്നൂറ് അടിയോളം ഉയരമുണ്ട്. വംശനാശഭീഷണി നേരിടുന്ന അപൂർവമായ പല ജന്തുജാലങ്ങൾക്കും ഈ കാടുകൾ തണലേകുന്നു. വനനാശത്തെ തുടർന്ന് ഉരുൾപൊട്ടലും മറ്റു ദുരന്തങ്ങളും പതിവായിരിക്കുകയാണ്.

ഒടുവിലിപ്പോൾ അധികാരികൾ ഈ വനപ്രദേശം പസഫിക് ലംബറിന് പാട്ടത്തിനുകൊടുത്തിരിക്കുന്നു. ഇതിനെതിരെ സമരം നടത്തുന്ന 'എർത്ത് ഫസ്റ്റ്' എന്ന സംഘടനയുടെ പ്രവർത്തകയാണ് ജൂലിയ. ജൂലിയ സമരമിരിക്കുന്ന ആയിരത്തോളം വർഷം പഴക്കമുള്ള 'ലൂണ' എന്നു വിളിക്കുന്ന റെഡ്‌വുഡ് മരത്തിന് എട്ടു ലക്ഷം ഡോളറാണ് കമ്പനി വിലയിട്ടിരിക്കുന്നത്.

'97 ഡിസംബറിലാണ് ജൂലിയ സമരമാരംഭിച്ചത്. '98 ആരംഭിച്ചതിൽപിന്നെ അവർ താഴെയിറങ്ങിയിട്ടില്ലത്രെ. ശക്തമായ കൊടുങ്കാറ്റിനെയും മഴയെയും കണക്കാക്കാതെ സമരം തുടരുന്ന അവർ കമ്പനിയുടെ ഭീഷണികളെയും (സെപ്റ്റം. 24-ന് 'ഡേവിഡ് ഗിപ്സി ചെയിൻ' എന്നുപേരായ ഒരു 'എർത്ത് ഫസ്റ്റ്' പ്രവർത്തകനെ കമ്പനിക്കാർ മരംവെട്ടിയിട്ട് കൊന്നിരുന്നു) കൂസുന്നില്ല. ഹെലികോപ്റ്റർ താഴ്ന്നുപറന്ന് ശക്തമായ കാറ്റടിപ്പിച്ച് താഴെ വീഴ്ത്താനുള്ള ശ്രമങ്ങൾപോലും നടന്നിരുന്നു. തന്റെ സഹനസമരത്തിന് ജൂലിയയുടെ ഉത്തരം ഒന്നുമാത്രം, 'താനെത്രയും നാൾ ലൂണയ്ക്കു മുകളിൽ തങ്ങുന്നുവോ അത്രയും നാൾ അതിന് ആയുസ് നീട്ടിക്കിട്ടും'.

ജൂലിയയുടെ സംഘടന ലോകത്തെല്ലായിടത്തുനിന്നും മരങ്ങളെയും പ്രകൃതിയെയും സ്നേഹിക്കുന്നവരുടെ പിന്തുണ അഭ്യർത്ഥിക്കുന്നു. ബന്ധപ്പെടാനുള്ള വിലാസം: മീഡിയ സെന്റർ, എർത്ത് ഫസ്റ്റ്, പോസ്റ്റ് ബോക്സ് 324, റെഡ്‌വേ, CA 95560, കാലിഫോർണിയ.